**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

1.9.2016

All Kerala Press Release
*Ref: 548/KCBC/K-6/KPR/DS*

## മദർ തെരേസ ദൈവകാരുണ്യത്തിനു മുഖവും കരങ്ങളും നല്കിയ വിശുദ്ധ: കെസിബിസി

കൊച്ചി: ദൈവകാരുണ്യത്തിനു മുഖവും കരങ്ങളും നല്കിയ വിശുദ്ധയാണ് മദർ തെരേസയെന്ന് കെസിബിസി പ്രസിഡന്റ് ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ, വൈസ് പ്രസിഡന്റ് ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, സെക്രട്ടറി ജനറൽ ഡോ. ജോസഫ് കരിയിൽ എന്നിവർ സംയുക്ത ഇടയലേഖനത്തിൽ അനുസ്മരിച്ചു. അമ്മസങ്കല്പത്തിന്റെ ഉദാത്തഭാവമായി മാറിയ ആ ജീവിതത്തെ 'മദർ' എന്ന ഒറ്റവാക്കിൽ അനന്യമാംവിധം സംഗ്രഹിക്കാൻ ലോകത്തിനു കഴിഞ്ഞു. ജാതിമതവർണവർഗഭേദങ്ങൾക്കതീതമായി ഏവരും 'മദർ' എന്നു വിളിച്ച ആ അമ്മയെ സഭ വിശുദ്ധയെന്ന് വിളിക്കുമ്പോൾ അത് സഭയുടെ മാത്രമല്ല, അനേകരുടെ ഹൃദയവികാരമായി മാറുന്നു. കാരണം, മാനവികതയുടെ സാർവത്രികസ്വഭാവം ആ മനസ്സിലും ജീവിതത്തിലും നിറഞ്ഞുനിന്നിരുന്നു. ഏവരും ക്രിസ്തുവിൽ ദൈവമക്കളാണെന്ന അടിസ്ഥാന ക്രൈസ്തവവിശ്വാസമാണ് ആ വ്യക്തിത്വത്തിന്റെ സാർവജനീനതയുടെ ആധാരം.

യേശുവിന്റെ മിശിഹാദൗത്യത്തിന്റെ ആനുകാലിക ഭാഷ്യമായിരുന്നു ആ ജീവിതം. മുറിവേറ്റ മനുഷ്യകുലത്തിനു ശുശ്രൂഷ ചെയ്ത നല്ല സമരിയാക്കാരന്റെ തനിപ്പകർപ്പായ മദറിൽ ലോകം ക്രിസ്തുവിനെ ദർശിച്ചു. സുവിശേഷപ്രഘോഷണത്തിന്റെ പാത കാരുണ്യത്തിന്റേതാണെന്ന് മദർ സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തന്നു. മുറിക്കപ്പെട്ട തിരുവോസ്തിയിലും മുറിവേറ്റ മനുഷ്യരിലും ഒരുപോലെ ക്രിസ്തുവിനെ ദർശിച്ചവളാണ് ഈ സ്നേഹഗായിക. അപരർക്കുവേണ്ടി ജീവിക്കുന്നതാണ് ജീവിതത്തിന് അർഥവും ആനന്ദവും നല്കുന്നതെന്ന് മദർ തെരേസയുടെ ജീവിതം അനുസ്മരിപ്പിക്കുന്നു.

മദർ തെരേസയെ വിശുദ്ധയായി നാമകരണം ചെയ്യുന്ന 2016 സെപ്തംബർ 4-ന് മദറിന്റെ ജീവിതം നമുക്കു മാതൃകയായി സമ്മാനിച്ച ദൈവകൃപയ്ക്കു നന്ദി പറഞ്ഞുകൊണ്ട് കേരള കത്തോലിക്കാസഭയിൽ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലും വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്. അന്നേദിവസം മദർ തെരേസായുടെ ചിത്രം പ്രത്യേക വണക്കത്തിനായി ദൈവാലയത്തിൽ പ്രതിഷ്ഠിക്കും. റോമിൽ നടക്കുന്ന വിശുദ്ധപദവിപ്രഖ്യാപന ശുശ്രൂഷയിൽ ഭാരതസഭയിൽ നിന്ന് പിതാക്കന്മാരും വൈദികരും സമർപ്പിതരും വിശ്വാസിസമൂഹവും പങ്കെടുക്കും. കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും പ്രതിനിധിസംഘങ്ങളും റോമിൽ നടക്കുന്ന നാമകരണശുശ്രൂഷകളിൽ സംബന്ധിക്കും. വിശുദ്ധ പദപ്രഖ്യാപനം നടക്കുന്ന ഇന്ത്യൻ സമയം 3-നും 3.30-നും മധ്യേ കേരളത്തിലെ എല്ലാ ദൈവാലയങ്ങളിലും ആഹ്ലാദസൂചകമായി പള്ളിമണി മുഴക്കും. അന്നേദിവസം ഒരു കാരുണ്യപ്രവൃത്തിയെങ്കിലും ചെയ്ത് മദറിനോടുള്ള ആദരം പ്രകടമാക്കാൻ കുടുംബങ്ങളും ഇടവകസമൂഹവും പ്രത്യേകം ശ്രദ്ധ വയ്ക്കണമെന്നും കെസിബിസി വിശ്വാസികളെ ആഹ്വാനം ചെയ്തു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.